(ബി) ഇല്ലെങ്കിൽ പങ്കെടുക്കാത്തതിനുള്ള കാരണമെന്ത്;

(സി) കേരളം പങ്കെടുക്കാതിരുന്നതു സംബന്ധിച്ച് കേന്ദ്ര ഗവൺമെൻറിൽനിന്ന് പ്രതിഷേധരൂപത്തിലുള്ള കത്ത് സംസ്ഥാന ഗവൺമെൻറിന് കിട്ടിയിട്ടുണ്ടോ;

(ഡി) എങ്കിൽ കത്തിലെ ഉള്ളടക്കം വെളിപ്പെടുത്താമോ;

(ഇ) ഡൽഹിയിലെ റിപ്പബ്ലിക്ദിന പരിപാടി കേരളം ബഹിഷ്ക്കരിച്ചതായി പത്രറിപ്പോർട്ടുകൾ വന്നിരുന്നത് ശ്രദ്ധയിൽപ്പെട്ടിരുന്നുവോ?

മുഖ്യമന്ത്രി (ശ്രീ. പി.കെ. വാസുദേവൻ നായർ):

(എ) റിപ്പബ്ലിക്ദിനത്തോടനുബന്ധിച്ച് ഡൽഹിയിൽ കഴിഞ്ഞപ്രാവശ്യം നടന്ന പരേഡിൽ സംസ്ഥാനഗവൺമെൻറ് ഗ്രാമീണ നൃത്തവും ടാബ്ലോയും അവതരിപ്പിക്കുകയുണ്ടായില്ല.

(ബി) ടാബ്ലോയ്ക്കും ഗ്രാമീണ നൃത്തത്തിനും സംസ്ഥാന ഗവൺമെൻറ് സമർപ്പിച്ചിരുന്ന നിർദ്ദേശങ്ങൾ കേന്ദ്രഗവൺമെൻറ് അംഗീകരിക്കാത്തതുമൂലമാണ് പങ്കെടുക്കാത്തത്.

(സി) ഇല്ല.

(ഡി) ഉദിക്കുന്നില്ല.

(ഇ) ശ്രദ്ധയിൽപ്പെട്ടിരുന്നു.

'തെക്കൻകാറ്റ്' എന്ന പത്രത്തിൽവന്ന വാർത്ത

* 559 [594] ശ്രീ. എൻ.കെ. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സ്മിലിട്ടറിക്കാരായ ആയിരം പേർക്ക് സൈനിക പരിശീലനം നൽകുന്നുവെന്നും വെടിക്കോപ്പുകൾ, തോക്കുകൾ, വാളുകൾ, കുന്തങ്ങൾ മുതലായ മാരകായുധങ്ങൾ ഉപയോഗിക്കുന്ന പരിചയസമ്പന്നരായ ആളുകളെ ഒരുക്കിനിർത്തിയിട്ടുണ്ടെന്നും, കോടിക്കണക്കിലുറുപ്പിക ഈ സേന സംഭരിച്ചിട്ടുണ്ടെന്നും, കള്ളനോട്ട് നിർമ്മാണയന്ത്രവും, ലോറികളും വളരെ വിലയ്ക്കുള്ള ഭക്ഷണസാധനശേഖരണവും മരുന്നും ഇവരുടെ പക്കൽ ഉണ്ടെന്നും, 14 കിലോമീറ്റർ നീളത്തിൽ വനാന്തരത്തിൽ ഇവർ റോഡ് നിർമ്മിച്ചിട്ടുണ്ടെന്നും, ഈ സൈനിക പരിശീലനം നാടിന് ഭീഷണിയാണെന്നും 'തെക്കൻകാറ്റ്' എന്ന പത്രത്തിൽ വന്ന വാർത്ത ഗവൺമെൻറ് ശ്രദ്ധിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഗവൺമെൻറ് ഇതേപ്പറ്റി അന്വേഷിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തുനടപടികൾ സ്വീകരിച്ചു?

ആഭ്യന്തരവകുപ്പു മന്ത്രി (ശ്രീ. കെ.എം. മാണി):

(എ) ഉണ്ട്.

(ബി) ഉണ്ട്. ഈ പത്രവാർത്ത അടിസ്ഥാനരഹിതവും അതിശയോക്തിപരവുമാണെന്ന് അന്വേഷണത്തിൽ തെളിഞ്ഞിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly